LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിക്കായുള്ള പാരിസ്ഥിതികാനുമതി, സാങ്കേതിക-സാമ്പത്തികാനുമതി എന്നിവ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇവയുടെ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

(ബി&സി) എൻ.ഒ.സി നൽകുന്നതിനുമുമ്പായി പൊതുജനാഭിപ്രായം ആരാഞ്ഞിട്ടില്ല. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കുവേണ്ടി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നൽകിയ ടെക്നോ എക്കണോമിക് ക്ലിയറൻസ് 30-3-2008 വരെ ആയിരുന്നു. പദ്ധതിക്കുവേണ്ടി കേന്ദ്ര വന-പരിസ്ഥിതി മന്ത്രാലയം നൽകിയ പാരിസ്ഥിതികാനുമതി 18-7-2017 വരെയായിരുന്നു. ഈ കേന്ദ്രാനുമതികൾ ദീർഘിപ്പിച്ച് കിട്ടിയാൽ മാത്രമേ അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നഷ്ടപ്പെടാതെ മുന്നോട്ടുകൊണ്ടുപോകുവാൻ സാധിക്കുമായിരുന്നുള്ളൂ. ഈ സാഹചര്യത്തിലാണ് സർക്കാർ എൻ.ഒ.സി നൽകിയത്. കേരള സർക്കാർ നൽകിയിട്ടുള്ള എൻ.ഒ.സി.-യിന്മേലുള്ള തുടർനടപടികളൊന്നുംതന്നെ കെ.എസ്.ഇ.ബി.എൽ. കൈക്കൊണ്ടിട്ടില്ല. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സമവായത്തിലൂടെ നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

പേരാമ്പ്ര മണ്ഡലത്തിലെ ദ്യുതി പദ്ധതി പ്രവൃത്തികൾ

178(448) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ 'ദ്യുതി' പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ എന്തൊക്കെ പ്രവൃത്തികളാണ് പുരോഗമിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി) ആയതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായെന്നും ഇനിയും നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികൾ ഏതെന്നും വിശദമാക്കുമോ?

(എ&ബി) ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL-ന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിരിക്കുന്ന 'ദ്യുതി 2021' പദ്ധതിയിൽ ഉൾപ്പെടുത്തി, പേരാമ്പ്ര മണ്ഡലത്തിലെ വിവിധ സെക്ഷനുകളിലായി 17.85 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 22 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 13.1 കി.മീ. ലോ ടെൻഷൻ ലൈൻ വലിക്കുകയും 45.41 കി.മീ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കുന്ന പ്രവൃത്തി, 262.58 കി.മീ ലൈനുകളുടെ റീകണ്ടക്ടറിംഗ് പ്രവൃത്തി എന്നിവ ഉൾപ്പെടെ 7 കോടി 82 ലക്ഷം രൂപയുടെ മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 2 കോടി 63 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പേരാമ്പ്ര മണ്ഡലത്തിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂർത്തിയായ പ്രവൃത്തികളുടെ വിശദാംശങ്ങൾ (അനുബന്ധം 1), പുരോഗമിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ (അനുബന്ധം 2) ആയി ചേർക്കുന്നു *.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.